# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3700

25.06.2013 ൽ മറുപടിയ്ക്ക്

## സഹകരണ നിയമ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ സംഘം ഭരണ സമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ ആയിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) 2013 ലെ സഹകരണ (ഭേദഗതി) നിയമപ്രകാരം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ/റൂറൽ ബാങ്കുകൾ/റീജിയണൽ ബാങ്കുകൾ, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണ സമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശം സംഘങ്ങളെ സംബന്ധിച്ചിടത്തോളം അപ്രായോഗികവും അസൗകര്യവും സൃഷ്ടിക്കുന്നതുമാകയാൽ, ഭേദഗതിക്ക് മുമ്പത്തെ അവസ്ഥയിൽത്തന്നെ നിലനിൽത്താൻ ആവശ്യമായ നിയമഭേദഗതി വരുത്തുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) മേൽ പരാമർശിച്ച നിയമ ഭേദഗതി ബാധകമായ വിഭാഗം സംഘങ്ങൾക്ക്, ടി ഭേദഗതി അസൗകര്യം സൃഷ്ടിക്കുമെന്നോ, അല്ലെങ്കിൽ അപ്രായോഗികമാണെന്നോ കാണുന്നില്ല. എന്നാൽ ടി ഭേദഗതി നടപ്പിലാക്കിയ സമയത്ത്, നിലവിലുണ്ടായിരുന്ന വ്യവസ്ഥ പ്രകാരം തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ ആരംഭിച്ച |

സംഘങ്ങൾക്കും, കൂടാതെ നിലവിലുള്ള സംഘങ്ങൾക്ക് ടി ഭേദഗതി പ്രകാരം ബൈലായിൽ വ്യവസ്ഥ ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിനും ഒരു വർഷത്തെ അല്ലെങ്കിൽ ടി ബൈലാ ഭേദഗതി വരുത്തുന്നത് വരെ ഏതാണോ ആദ്യം, അതുവരെ ടി നിയമ ഭേദഗതിയിൽ നിന്നും ഇളവ് നൽകി കൊണ്ട് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 101 പ്രകാരം ഇളവ് നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ